**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ. 36/എം.ജി.എൻ.എസ്.എ.എസ്.കെ/20 തീയതി. 16.01.2023

# സർക്കുലർ

**വിഷയം: സോഷ്യൽ ഓഡിറ്റ് പ്രക്രിയയുടെ ഗുണമേന്മ ഉയർത്തലും സ്വീകാര്യതയും - സംബന്ധിച്ച്**

സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ പൂർണ്ണമായും വ്യവസ്ഥാപിതമായും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും പിന്തുണയോടെ നടപ്പാക്കേണ്ടതുണ്ട്. ഇത് ഉറപ്പാക്കുന്നതിൽ മുഖ്യമായ ഒന്ന് സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകൾ നിർവ്വഹണ ചുമതലയുള്ളവരുമായി പങ്ക് വയ്ക്കുകയെന്നതും കണ്ടെത്തുന്ന പ്രശ്നങ്ങളിൽ സാദ്ധ്യമായ പരിഹാര നടപടികൾ സ്വീകരിക്കുകയെന്നതുമാണ്. അതുകൊണ്ടുതന്നെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സോഷ്യൽ ഓഡിറ്റിന്റെ ഭാഗമായി ഫയൽ പരിശോധന പൂർത്തിയായിക്കഴിഞ്ഞാൽ ഉടൻതന്നെ ഫയൽ പരിശോധനയിൽ ബോദ്ധ്യപ്പെട്ട ന്യൂനതകൾ സംബന്ധിച്ച് രേഖമാമൂലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകുകയും അതിന്റെ കോപ്പി ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് ലഭ്യമാക്കുകയും വേണം.

തുടർന്ന് ഫീൽഡ് പരിശോധന പൂർത്തിയായിക്കഴിഞ്ഞാൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ബോദ്ധ്യമായ പ്രശ്നങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എക്സിറ്റ് മീറ്റിംഗിൽ രേഖാമൂലം അവതരിപ്പിക്കുകയും കൈമാറുകയും വേണം. എക്സിറ്റ് മീറ്റിംഗിന്റെ അറിയിപ്പ് ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്കും നൽകേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സുഗമമായി നടപ്പാക്കുന്നതിന് ബ്ലോക്ക് പ്രോഗ്രാം ഓഫീസറുമായി നിരന്തരമായ ആശയവിനിമയവും പരസ്പര സഹകരണവും പുലർത്തുന്നതിന് ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്ക്, ബി.ആർ.പി.(ഐ.സി) മാർക്ക് കഴിയേണ്ടതാണ്. അതുപോലെതന്നെ ജില്ലയിലെ ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർമാരുടെയും സഹായങ്ങൾ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്ക് തേടുന്നതിന് ജില്ലാ റിസോഴ്സ് പേഴ്സൺമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് പബ്ലിക് ഹിയറിംഗിൽ ബ്ലോക്ക് പ്രോഗ്രാം ഓഫീസറുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കുകയും വേണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

**കോപ്പി:**

എല്ലാ ജില്ല-ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാർക്കും/ബി.ആർ.പി.ഇൻചാർജ്ജ്മാർക്കും